ഉത്തരം

(എ) ഇല്ല. വിളർച്ചരോഗം ബാധിച്ചവരെ കണ്ടെത്തി അവരെ പരിശോധിച്ച് വേണ്ടത്ര ചികിത്സയും മറ്റും നൽകുന്നതിന് ആരോഗ്യവകുപ്പുമുഖേന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി പ്രകാരം ഭക്ഷണം പാചകം ചെയ്തു നൽകിവരുന്നുണ്ട്.

(ബി) ആദിവാസി മേഖലയിലെ ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി പോഷകാഹാരം വിതരണം ചെയ്യുന്നത് സാമൂഹ്യനീതി വകുപ്പ് മുഖാന്തിരമാണ്. ടി പദ്ധതികളിലെ പണം ഇടനിലക്കാർ തട്ടിയെടുക്കുന്നതായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശിശുമരണങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

(ഡി) വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി ഒരു നോഡൽ ആഫീസറെ ഇതിനകം നിയമിച്ചു കഴിഞ്ഞു.

അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ മരണം

356 (696) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ കഴിഞ്ഞ വർഷം ഡിസംബർ മാസംവരെ എത്ര നവജാത ശിശുക്കളാണ് മരിച്ചിട്ടുള്ളത് ;

(ബി) 2014 ജനുവരിമുതൽ നവംബർ മാസംവരെ എത്ര നവജാതശിശുക്കളാണ് മരിച്ചിട്ടുള്ളത് ;

(സി) മരിച്ച കുട്ടികളുടെ കുടുംബത്തിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ;

(ഡി) ഭാവിയിൽ ഇത്തരത്തിലുള്ള മരണങ്ങൾ ഒഴിവാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 13 നവജാതശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്.

(സി) പ്രത്യേകമായി സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല

(ഡി) ആദിവാസി മേഖലയിൽ പട്ടികവർഗ്ഗ സ്ത്രീകൾക്കും കുട്ടികൾക്കും പോഷകകുറവ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഗുരുതരമായ പോഷക കുറവുള്ള കുട്ടികളെ പരിചരിക്കുന്നതിന് നീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവകുപ്പ്മുഖേന വിവാഹിതരായ സ്ത്രീകൾക്ക് അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു. സാമൂഹ്യ നീതിവകുപ്പിന്റെ സമൂഹ അടുക്കള പദ്ധതി നടപ്പാക്കിവരികയും അമൃതം ന്യൂട്രിമിക്സ് എന്നിവയും വിതരണം ചെയ്യുന്നുണ്ട്. ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000-രൂപ വീതം ധനസഹായം അനുവദിക്കുന്ന ജനനീ ജന്മരക്ഷ പദ്ധതി നടപ്പാക്കിവരുന്നു. ടി ഇ മണിഓർഡർ ആയി ഗുണഭോക്താക്കളുടെ കൈകളിൽ എത്തിക്കുന്നു.

ആദിവാസികൾക്ക് ഭൂമി

357 (697) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻ ഏതെല്ലാം ജില്ലകളിൽ എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂമി വിതരണവുമായി ബന്ധപ്പെട്ട് കോടതികളിൽ കേസ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ആലപ്പുഴ ജില്ലയിൽ നിലവിലുണ്ടായിരുന്ന കേസിലെ വിധിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈ വിധിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിൽ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി വയനാട് ജില്ലയിൽ വനം വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് കൈമാറിക്കിട്ടിയ 1179.46 ഏക്കറിൽ നിന്നും മുത്തങ്ങ സമരത്തിൽ പങ്കെടുത്ത 447 പേർക്ക് ഒരേക്കർ വീതം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly